OFFICE OF THE
COCHIN DEVASWOM BOARD
THRISSUR.
Phone 2331124, Fax 2335874

No. M5-6562/17

10/7/18

# കൊച്ചിൻ ദേവസ്വം ബോർഡ്

## ക്വട്ടേഷൻ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ ആദ്ധ്യാത്മിക സാംസ്കാരിക പ്രസിദ്ധീകരണമായ ക്ഷേത്രദർശനം മാസികയുടെ നേതൃത്വത്തിൽ കർക്കിടക മാസത്തിൽ തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രാങ്കണത്തിൽ നടത്തി വന്നിരുന്ന ആദ്ധ്യാത്മിക സാംസ്കാരിക പുസ്തകശാലയുടെ (ആദ്ധ്യാത്മിക സാംസ്കാരിക പുസ്തകങ്ങളുടെ പ്രദർശനവും വിൽപ്പനയും) പ്രവർത്തനം 17/07/18 മുതൽ 16/08/18 വരെ ഏറ്റെടുത്ത് നടത്തുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശൂരിൽ മാറാവുന്ന 10,000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. 13/07/18 ഉച്ചതിരിഞ്ഞ് 2 മണിവരെ ക്വട്ടേഷനുകൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതും, അന്നുതന്നെ 2.30 പി.എം. ന് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതുമായിരിക്കും.

ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നോ പ്രസ്സിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ നേരിട്ടോ വെബ്സൈറ്റ് മുഖേനയോ അന്വേഷിച്ചറിയാവുന്നതാണ്.

സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ

**1193 എം.ഇ കർക്കിടക മാസത്തിൽ തൃപ്രയാർ ശ്രീരാമ സ്വാമി ക്ഷേത്രാങ്കണത്തിൽ നടത്തപ്പെടുന്ന പുസ്തക ശാലയുടെ പ്രവർത്തനം സംബന്ധിച്ച നിബന്ധനകൾ**

1) പുസ്തകശാലയുടെ പ്രവർത്തന കാലഘട്ടം 17/7/2018 മുതൽ 16/8/2018 വരെ ആയിരിക്കും. പുസ്തക ശാല ഓരോ ദിവസവും രാവിലെ ക്ഷേത്രം തുറക്കുന്ന സമയം മുതൽ രാത്രി ക്ഷേത്രം അടക്കുന്നതു വരെ മാത്രമേ തുറന്ന് പ്രവർത്തിക്കാവൂ.

2) പുസ്തകശാലയിൽ ഹിന്ദുക്കൾ അല്ലാത്ത ജീവനക്കാർ പുസ്തക വിൽപ്പനയ്ക്കായോ, സഹായത്തിനായോ നിയോഗിക്കുവാൻ പാടുള്ളതല്ല.

3) ആദ്ധ്യാത്മികവും, സാംസ്കാരികവും ആയ ഗണത്തിൽപ്പെട്ട പുസ്തകങ്ങളും, സി.ഡി കളും മറ്റും മാത്രമേ വിൽപ്പന നടത്തുവാൻ പാടുള്ളൂ.

4) ക്ഷേത്രാചാര വിരുദ്ധമായതോ, ക്ഷേത്ര സംസ്കാരത്തിന് നിരക്കാത്തതോ ആയ പ്രസിദ്ധീകരണങ്ങൾ, സി.ഡി കൾ മുതലായവ പ്രദർശിപ്പിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

5) പുസ്തകശാലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ക്ഷേത്ര ആചാര മര്യാദകൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കും.

6) ദേവസ്വം നിശ്ചയിച്ച് നൽകുന്ന സ്ഥലത്ത് പുസ്തക വിൽപ്പന നടത്തേണ്ടതാണ്.

7) പുസ്തക ശാലയിലേക്ക് ആവശ്യമായ വൈദ്യുതി കണക്ഷൻ ബോർഡിൽ നിന്നും അനുവദിച്ച് നൽകുന്നതാണ്.

8) ക്വട്ടേഷൻ പ്രകാരമുള്ള സംഖ്യയുടെ മൂന്നിലൊരു ഭാഗം സംഖ്യ പുസ്തകശാലയുടെ പ്രവർത്തനം തുടങ്ങുന്നതിനു മുമ്പ് കെട്ടി വെയ്ക്കേണ്ടതും, ബാക്കി സംഖ്യ 7 ദിവസത്തിനകം പൂർണ്ണമായും തൃപ്രയാർ ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്.

9) ക്വട്ടേഷനോടുകൂടി സമർപ്പിക്കുന്ന നിരതദ്രവ്യം പുസ്തകശാലയുടെ പ്രവർത്തന കാലഘട്ടം കഴിഞ്ഞ് ദേവസ്വത്തിന് കഷ്ട നഷ്ടങ്ങൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ലെന്ന് ദേവസ്വം മാനേജരുടെ റിപ്പോർട്ട് ലഭിച്ച് ഉറപ്പു വരുത്തിയ ശേഷം 15 ദിവസത്തിനകം തിരിച്ച് നൽകുന്നതാണ്.

10) പുസ്തക ശാലയുടെ പ്രവർത്തനാനുമതി ലഭിക്കുന്ന വ്യക്തി സ്ഥാപനം മേൽ കാണിച്ച നിബന്ധനകൾ ലംഘിക്കുകയോ, അതുമൂലം ദേവസ്വത്തിന് കഷ്ട നഷ്ടങ്ങൾ എന്തെങ്കിലും സംഭവിക്കുകയോ ചെയ്യുന്ന പക്ഷം നിരതദ്രവ്യ സംഖ്യ പൂർണ്ണമായും കണ്ടുകെട്ടി ദേവസ്വത്തിലേക്ക് മുതൽ കൂട്ടുന്നതും, നഷ്ട സംഖ്യയിലേക്ക് പോരാതെ വരുന്ന പക്ഷം നിയമാനുസൃത മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

11) മേൽ നിബന്ധനകളുടെ ലംഘനം മൂലമോ, പുസ്തകശാല നടത്തിപ്പുകാരുടെ അലംഭാവം മൂലമോ, പുസ്തകശാല നടത്തിപ്പിന് വിഘ്നം നേരിടുന്ന പക്ഷം അതു മൂലം ദേവസ്വത്തിന് വരുന്ന കഷ്ട നഷ്ടങ്ങൾക്ക് പുസ്തകശാല നടത്തിപ്പുകാർ ബാദ്ധ്യസ്ഥരായിരിക്കുന്നതും, അവരിൽ നിന്നും നഷ്ടം ഈടാക്കുന്നതുമായിരിക്കും.

Secretary
Cochin Devaswom Board